# കേരള സർവകലാശാല

നം.പി.ആർ.54/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷ ഫലം

2018 ഓഗസ്റ്റിൽ നടത്തിയ ഏകവൽസര എൽ.എൽ.എം (2017–2018) സി.എസ്.എസ്,പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷ തീയതി

2019 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന ബി.എ പാർട്ട് III റെഗുലർ /സപ്ലിമെന്ററി ബിരുദ പരീക്ഷകൾക്ക് (ആന്വൽ സ്കീം) പിഴ കൂടാതെ മാർച്ച് 19 വരെയും, 50 രൂപ പിഴയോടെ മാർച്ച് 22 വരെയും, 125 രൂപ സൂപ്പർ ഫൈനോടു കൂടി മാർച്ച് 26 വരെയും ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 13 മുതൽ ആരംഭിച്ചു.

2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡെവലപ്മെന്റ് കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 19 മുതൽ 22 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷ മാർച്ച് 18 മുതൽ 22 വരെ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രതിഫലം

നവംബർ 2015 ൽ നടത്തിയ ബി.ടെക് ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ മൂല്യനിർണയത്തിൽ പങ്കെടുത്ത അധ്യാപകർക്കുള്ള പ്രതിഫല തുകയുടെ ചെക്കുകൾ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ടി ചെക്കുകൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിന്നും ഏപ്രിൽ 10 നകം കൈപ്പറ്റേണ്ടതാണ്.

# ബ്ലോഗ് റിലീസ്

**കൊമേഴ്സ് വിഭാഗം നടത്തുന്ന ത്രിദിന അന്തർദേശീയ സെമിനാറിനോടനുബന്ധിച്ച് ഒരു പ്രത്യേക ബ്ലോഗ് റിലീസ് ചെയ്യുന്നു. വിശദ വിവരങ്ങൾക്ക് https://internationalseminaruok.wordpress.com സന്ദർശിക്കുക.**



തിരുവനന്തപുരം.

**14-03-2019**

**പബ്ലിക് റിലേഷൻസ് ഓഫീസർ**